**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4056** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഇക്കോ ഷോപ്പുകളുടെ വാടക സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പ്രാദേശിക കാർഷിക വിപണികളിലെ ഇക്കോ ഷോപ്പുകൾക്ക് 50 ശതമാനം തുക മാത്രമേ വാടകക്കിഴിവായി പഞ്ചായത്തുകൾക്ക് അനുവദിക്കാൻ കഴിയുകയുള്ളൂ എന്ന് നിർദേശിക്കുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് കർഷകരുടെ വിപണിയും വരുമാനവും ഇല്ലാതാക്കാൻ ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗ രേഖ [28.05.2022തീയതിയിലെ സ.ഉ(കൈ)നം.115/2022/തസ്വഭവ] ഖണ്ഡിക 9- ക്രമനം. 21 പ്രകാരം പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് സഹായം എന്ന നിലയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (കെട്ടിട നിർമ്മാണം ഒഴികെ), കെട്ടിട വാടക, ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് & ബില്ലിംഗ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്കുള്ള ആകെ തുകയുടെ 50% വാർഷിക ധനസഹായമായി (ഫെബ്രുവരി മാസത്തിൽ) നൽകാം. ഇത് കർഷകരുടെ വിപണിയും വരുമാനവും ഇല്ലാതാക്കാൻ ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ബി) | മുൻ വർഷങ്ങളിലെപ്പോലെ വാടകയിൽ 100 ശതമാനം കിഴിവോ അല്ലെങ്കിൽ ഒരു ലക്ഷം രൂപ പരിധിയോ പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | **നിലവിൽ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ